2. പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ട് കണ്ണൂർ ജില്ലയിലെ ആറളത്ത് പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

3. വിതുര കേന്ദ്രമായി ഒരു ആദിവാസി പാരമ്പര്യ വൈദ്യ പഠനകേന്ദ്രം ആരംഭിക്കുന്ന പദ്ധതി :- തിരുവനന്തപുരം ജില്ലയിലെ വിതുരയിൽ ആദിവാസി പാരമ്പര്യ വൈദ്യ പഠനകേന്ദ്രം ആരംഭിക്കുന്നതിനായി ഭൂമി ലഭ്യമാകാത്തതിനാൽ പദ്ധതി നടപ്പായിട്ടില്ല.

4. 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയായ പട്ടികവർഗ്ഗക്കാർക്കുള്ള കടാശ്വാസപദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) ഉണ്ട്. ആദിവാസികൾക്ക് നിയമപരമായി ലഭ്യമാക്കേണ്ട അവകാശങ്ങൾ ലഭ്യമാക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ പട്ടികവർഗ്ഗക്കാരുടെ വീട്, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ നൈപുണ്യ വികസനം, ഗതാഗത സൗകര്യങ്ങൾ, വൈദ്യുതി, കുടിവെള്ളം തുടങ്ങി അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

വൈദ്യുതി ഉല്പാദന മേഖലയിലെ പുതിയ പദ്ധതികൾ

20 (*50) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ഉല്പാദന മേഖലയിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയുടെ സ്ഥാപിതശേഷി വർദ്ധനയാണ് അധികമായി ലക്ഷ്യമിട്ടത് ; അതിനായി ഏതെല്ലാം മേഖലയിൽ ഏതെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു ;

(സി) ലക്ഷ്യം കൈവരിച്ച പദ്ധതികൾ ഏതെല്ലാം ; പുതുതായി ആവിഷ്കരിച്ച് പൂർത്തിയാക്കിയ പദ്ധതികളിലൂടെ എത്ര മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധനയുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉദ്ദേശിച്ച ലക്ഷ്യം പൂർത്തിയായില്ലെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ സർക്കാർ ലക്ഷ്യമിട്ട ഏതെല്ലാം വൈദ്യുത പദ്ധതികൾ ഇതിനകം കമ്മീഷൻ ചെയ്യുകയുണ്ടായി ?

ഊർജ്ജ വകുപ്പ് മന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) 1. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള 42 പീക്കോ ചെറുകിട പദ്ധതികൾ കേന്ദ്ര സഹായത്തോടുകൂടി പൂർത്തീകരിച്ചിട്ടുണ്ട്.

2. ചിമ്മിനി (2.5 MW), ആഢ്യൻപാറ (3.5MW), വെള്ളത്തൂവൽ (3.6 MW), പെരുന്തേനരുവി (6 MW), ഭൂതത്താൻകെട്ട് (24 MW), പൊരിങ്ങൽകുത്ത് (24 MW) എന്നീ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം സമയബന്ധിതമായി പുരോഗമിക്കുന്നു.

3. സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതി ഉത്പാദന മേഖലയിൽ പ്രഖ്യാപിച്ച പദ്ധതികൾ മിക്കവാറും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) പുതുതായി ആവിഷ്കരിച്ച മേഖലകളിൽ പ്രസ്താവിച്ച 6 ജലവൈദ്യുത പദ്ധതികൾ വഴി 6.36 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ടിട്ടുണ്ട്. BOOT അടിസ്ഥാനത്തിൽ 25 ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ 110.2 MW സ്ഥാപിതശേഷി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. പീക്കോ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ 65 KW സ്ഥാപിതശേഷിയാണ് ലക്ഷ്യമിട്ടത്. ഇതിൽ 45 KW-ന്റെ 42 പീക്കോ ജലവൈദ്യുത ടർബയിനുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം പ്രോൽസാഹിപ്പിക്കുന്നതിനായി 10000 റൂഫ് ടോപ്പ് സൗരഗ്രഹ പദ്ധതിയും, സോളാർ ഗ്രിഡ് കണക്ട് പദ്ധതിയും അനെർട്ടിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതിൽ 10000 റൂഫ് ടോപ്പ് പദ്ധതി 2012 അവസാനത്തിൽ തുടക്കം കുറിക്കുകയും 2 വർഷം കൊണ്ട് പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയിലൂടെ 10000 വീടുകളിലായി ഒരു കിലോ വാട്ട് വീതം ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലൂടെ 10 മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 7 മെഗാവാട്ട് സ്ഥാപിത ശേഷി ഇതിനകം കൈവരിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ഇ.ബി. വഴിയും സ്വകാര്യ മേഖലയിലും പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. പീക്കോ ജലവൈദ്യുത പദ്ധതികളിൽ നിന്ന് 45 കിലോവാട്ട് സ്ഥാപിതശേഷിയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 10000 റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിയിൽ 7 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവ് ഇതിനകം കൈവരിച്ചിട്ടുണ്ട്.

(ഡി) പദ്ധതിയ്ക്കാവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിൽ വന്ന കാലതാമസവും, വനഭൂമി ആവശ്യമായ പദ്ധതികൾക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാനുണ്ടായ കാലതാമസവുമാണ് പദ്ധതികളുടെ നിർമ്മാണം വൈകാൻ കാരണം.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (2011 മുതൽ 2015 മാർച്ച് വരെയുള്ള കാലയളവിൽ) 36.06 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 10 പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇതിൽ 2 പുനരുദ്ധാരണ പദ്ധതികളും ഉൾപ്പെടുന്നു. ഈ പദ്ധതികളിൽ നിന്നും 85.07 മില്യൺ യൂണിറ്റ് പ്രതിവർഷം വൈദ്യുതി ഉൽപ്പാദനം നടത്താൻ കഴിയും. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പീക്കോ ജലവൈദ്യുത പദ്ധതികളിൽ നിന്ന് 45 kw-ന്റെ സ്ഥാപിതശേഷി വർദ്ധനവുണ്ടായി. പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം-II-ൽ കൊടുത്തിരിക്കുന്നു.* പതിനായിരം റൂഫ് ടോപ്പ് സോളാർ പദ്ധതിയിൽ 7000 ഓളം എണ്ണം ഇതിനകം കമ്മീഷൻ ചെയ്യ കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമെ ഈ സർക്കാർ ലക്ഷ്യമിട്ട് താഴെപ്പറയുന്ന സോളാർ പവർ പദ്ധതികൾ കമ്മീഷൻ ചെയ്യ കഴിഞ്ഞിട്ടുണ്ട്.

1. Thycaud Women's & Children's Hospital - 40 KW
2. AG's Office (Audit Bhavan) - 10 KW
3. Medical College Hospital - 20 KW
4. Kerala State Planning Board - 20 KW
5. ANERT Hqrs Building - 15 KW
6. Manmohan Bunglow - 3 KW
7. Thycaud House - 2 KW

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly